## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3578 — 14.03.2017 ൽ മറുപടിയ്ക്ക്

### തടവുകാരുടെ ശിക്ഷായിളവ്

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 1850 തടവുകാരുടെ ശിക്ഷ ഇളവു ചെയ്യുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഫയൽ സർക്കാർ ഗവർണ്ണർക്ക് നൽകിയിട്ടുണ്ടോ ; ഇതിൽ ഗവർണർ എന്തു തീരുമാനം എടുത്താണ് തിരികെ നൽകിയിട്ടുള്ളത്; | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാന രൂപീകരണത്തിന്റെ വാർഷികത്തോടനുബന്ധിച്ച് 2011 ലും 2012-ലും 2809 പേർക്ക് ശിക്ഷായിളവ് അനുവദിച്ചതുപോലെ അറുപതാം വാർഷികത്തിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡ പ്രകാരം അർഹരായ 1850 തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകുന്നതിന് ബഹു. ഗവർണറോട് ശുപാർശ ചെയ്യാൻ 28.12.2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ബഹു. ഗവർണറുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ പരിശോധന നടത്തി അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗക്ഷേമ-നിയമ-സാംസ്കാരികകാര്യ-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ കൺവീനറായും, റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. ഇ ചന്ദ്രശേഖരൻ, തുറമുഖ-മ്യൂസിയം-ആർക്കിയോളജി-ആർക്കൈവ്സ് വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി , ഗതാഗത വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ, ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു ടി തോമസ് എന്നിവർ അംഗങ്ങളായും ഉള്ള മന്ത്രിസഭാ ഉപസമിതിയെ 8.3.2017 ൽ കൂടിയ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ വിഷയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |
| (ബി) | ഈ തടവുകാർ ഓരോരുത്തരും ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ എന്തെല്ലാമാണെന്നും എത്ര വർഷത്തേക്കുള്ള ശിക്ഷയാണ് ഇവർക്ക് നൽകിയിട്ടുള്ളതെന്നും ഇവർ അനുഭവിച്ച ശിക്ഷയുടെ കാലാവധി എത്രയാണെന്നുമുള്ള വിവരങ്ങൾ വിശദമാക്കുമോ ; | | |
| (സി) | ഈ തടവുകാരിൽ കൊലപാതകവും പീഡനവും കേസ്സുകളിൽ ഉൾപ്പെട്ടവർ ഉണ്ടെന്ന റിപ്പോർട്ട് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് അവർ ഈ പട്ടികയിൽ കടന്നുകൂടിയത് എന്ന് വിശദീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ